**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സംസ്ഥാനത്തെ യു.ജി.സി/എ.ഐ.സി.റ്റി.ഇ സ്കീമിനു കീഴിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് പുതിയ നിയമന പ്രക്രിയയുടെ ഭാഗമായി നേടുന്ന മറ്റൊരു നിയമനത്തിൽ മുൻ നിയമനത്തിലെ ശമ്പളസംരക്ഷണത്തിന് അർഹതയില്ല എന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പി.ആർ.സി സി) വകുപ്പ്**

സ.ഉ (കൈ) നം. 129/2021/ധന തിരുവനന്തപുരം, തീയതി 09/11/2021

---

**ഉത്തരവ്**

വിവിധ യു.ജി.സി/എ.ഐ.സി.റ്റി.ഇ റെഗുലേഷനുകളിൽ കരിയർ അഡ്വാൻസ്മെന്റ് വഴിയുള്ള പ്ലേസ്മെന്റിന് നിശ്ചിത നിബന്ധനകൾക്ക് വിധേയമായി മുൻകാലസർവീസ് പരിഗണിക്കാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഒരു തസ്തികയിൽ ജോലി ചെയ്യുവരവേ ഒരു പുതിയ നിയമനപ്രക്രിയയിലൂടെ മറ്റൊരു നിയമനം നേടുന്ന അധ്യാപകരുടെ മുൻ സർവ്വീസിലെ ശമ്പളം സംരക്ഷിച്ചുനൽകുന്നതുസംബന്ധിച്ച് പരാമർശമില്ല. വിവിധ യു.ജി.സി സ്കീമുകൾ പ്രകാരമുള്ള ശമ്പളപരിഷ്കരണം സംസ്ഥാനത്ത് നടപ്പിലാക്കി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളിലും ശമ്പളസംരക്ഷണത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടില്ല. നിലവിൽ സർവകലാശാലകളിലും കോളേജുകളിലും യു.ജി.സി/എ.ഐ.സി.റ്റി.ഇ റെഗുലേഷൻ അനുസരിച്ചാണ് അധ്യാപകനിയമനം നടത്തുന്നത്. യു.ജി.സി/എ.ഐ.സി.റ്റി.ഇ റെഗുലേഷൻസ്/ യു.ജി.സി/എ.ഐ.സി.റ്റി.ഇ ശമ്പളപരിഷ്കരണ ഉത്തരവുകൾ പ്രകാരം, ഒരു തസ്തികയിൽ ജോലി ചെയ്യുവരവേ ഒരു പുതിയ നിയമനപ്രക്രിയയുടെ ഭാഗമായി അപേക്ഷ ക്ഷണിച്ച് പരീക്ഷ/ഇന്റർവ്യൂ നടത്തി മറ്റൊരു നിയമനം നേടുന്ന അധ്യാപകർക്ക് മുൻ നിയമനത്തിലെ ശമ്പളം സംരക്ഷിച്ചുനൽകുന്നതിന് വ്യവസ്ഥയില്ല. എന്നാൽ യു.ജി.സി/എ.ഐ.സി.റ്റി.ഇ സ്കീമിന് കീഴിൽ ഡയറക്ട് പെയ്മെന്റ് സ്കീം പ്രകാരം ഒരു മാനേജ്മെന്റിന് കീഴിലുള്ള ഒരു കോളേജിൽ അദ്ധ്യാപക തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും ടി തസ്തികയിൽ ജോലി ചെയ്യുവരവേ ഒരു പുതിയ നിയമനപ്രക്രിയയുടെ ഭാഗമായി അപേക്ഷ ക്ഷണിച്ച് പരീക്ഷ / ഇന്റർവ്യൂ നടത്തി മറ്റൊരു മാനേജ്മെന്റിന് കീഴിലുള്ള കോളേജിൽ നിയമനം നേടിയ ശേഷം മുൻ നിയമനത്തിലെ ശമ്പളം

സംരക്ഷിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധാരാളം നിവേദനങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമാകുന്നുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് കോടതി വ്യവഹാരങ്ങളും നിലനിൽക്കുന്നുണ്ട്.

2. സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ യു.ജി.സി/എ.ഐ.സി.റ്റി.ഇ സ്കീമിനു കീഴിൽ വരുന്ന അധ്യാപകർക്ക്, ഒരു തസ്തികയിൽ ജോലി ചെയ്യുവരവേ ഒരു പുതിയ നിയമനപ്രക്രിയയുടെ ഭാഗമായി അപേക്ഷ ക്ഷണിച്ച് പരീക്ഷ / ഇന്റർവ്യൂ നടത്തി മറ്റൊരു നിയമനം നേടുന്ന പക്ഷം മുൻ നിയമനത്തിലെ ശമ്പളം സംരക്ഷിച്ചുനൽകുന്നതിന് അർഹതയില്ല എന്ന് വ്യക്തമാക്കിക്കൊണ്ടും ഇപ്രകാരം ആർക്കെങ്കിലും ശമ്പള സംരക്ഷണം അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിൽ ആയത് റദ്ദ് ചെയ്ത് ടി അദ്ധ്യാപകരുടെ ശമ്പളം ക്രമീകരിക്കുന്നതിനും ഈയിനത്തിൽ കൈപ്പറ്റിയ അധിക തുക തിരികെ ഈടാക്കുന്നതിനും നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാജേഷ് കുമാർ സിംഗ്**
അഡീഷണൽ ചീഫ് സെക്രട്ടറി

To

1. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
3. രജിസ്ട്രാർ, കേരള, മഹാത്മാ ഗാന്ധി, കാലിക്കട്ട്, കണ്ണൂർ സർവ്വകലാശാല.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.
5 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
6 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
7 അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
8 ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്.
9 സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ